# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2847. 13-03-2018 ൽ മറുപടിയ്ക്ക്

## സർക്കാർ ഉടമസ്ഥതയിൽ അരി മില്ലുകൾ ആരംഭിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.വി. ജോയി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര അരി മില്ലുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിൽ അരി മില്ലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങൾ, പാടശേഖരസമിതികൾ, കർഷക കൂട്ടായ്മകൾ, പാടശേഖര സമിതി ശിപാർശ ചെയ്യുന്ന വ്യക്തികൾ എന്നിവർക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകൾ ഇതിനോടകം സ്ഥാപിച്ചു. അതിനുപുറമേ 13 പ്രോസസ്സിംഗ് യൂണിറ്റുകളോട് കൂടിയ മില്ലുകളും സ്ഥാപിച്ചിട്ടുണ്ട്.<br>ഓയിൽ പാം ഇന്ത്യയുടെ കീഴിൽ കോട്ടയം ജില്ലയിലെ വെച്ചൂർ എന്ന സ്ഥലത്ത് റൈസ് മില്ല് പ്രവർത്തിക്കുന്നുണ്ട്.<br>ആലത്തൂർ മോഡേൺ റൈസ് മില്ല് കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. |
| (ബി) | സ്വകാര്യ മേഖലയിൽ എത്ര അരി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ മേഖലയിൽ 945 അരി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ അരി മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിനായി നെല്ല് അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാറുണ്ടോ;വിശദമാക്കുമോ? | (സി) | കൃഷി വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും നെല്ല് ഇറക്കുമതി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ